**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3996** **06-08-2021 - ൽ മറുപടിയ്ക്ക്**

**സിനിമ റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ജസ്റ്റിസ്. കെ. ഹേമ അധ്യക്ഷയായ സമിതി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ പ്രസ്തുത മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ജസ്റ്റിസ്.കെ.ഹേമ അദ്ധ്യക്ഷയായ സമിതി തയ്യാറാക്കിയ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ പ്രത്യേക പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിച്ച് വരികയാണ്. ഈ സർക്കാർ നിലവിൽ അധികാരത്തിൽ വന്നതിനുശേഷം ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം 13.07.2021-ന് സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, ചലച്ചിത്ര അക്കാദമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രതിനിധികൾ, നിയമവകുപ്പ് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം ചേരുകയും ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൽ സ്വീകരിക്കാവുന്ന തുടർ നടപടികൾ സംബന്ധിച്ച് വിശദമായി ചർച്ച നടത്തുകയും ചെയ്തു. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൽ ഭരണപരമായ നടപടി സ്വീകരിക്കാവുന്ന വിഷയങ്ങളിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവ മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സിനിമ റെഗുലേറ്ററി അതോറിറ്റി / സിനിമ മേഖലയിലെ തർക്ക പരിഹാരത്തിനായി ട്രിബ്യൂണൽ രൂപീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ സംബന്ധിച്ച നിയമവശങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു . |
| (ബി) | കഴിഞ്ഞ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിച്ചതും സംസ്ഥാനത്തെ സിനിമ മേഖലയുടെ ഉന്നമനത്തിനായുള്ളതുമായ സിനിമ റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം സംബന്ധിച്ചുള്ള നടപടിക്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ജസ്റ്റിസ്.കെ.ഹേമ അദ്ധ്യക്ഷയായ സമിതി തയ്യാറാക്കിയ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ പ്രത്യേക പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിച്ച് വരികയാണ്. ഈ സർക്കാർ നിലവിൽ അധികാരത്തിൽ വന്നതിനുശേഷം ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം |

| | | | |
|---|---|---|---|
| | | | 13.07.2021-ന് സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, ചലച്ചിത്ര അക്കാദമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രതിനിധികൾ, നിയമവകുപ്പ് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം ചേരുകയും ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൽ സ്വീകരിക്കാവുന്ന തുടർ നടപടികൾ സംബന്ധിച്ച് വിശദമായി ചർച്ച നടത്തുകയും ചെയ്തു. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൽ ഭരണപരമായ നടപടി സ്വീകരിക്കാവുന്ന വിഷയങ്ങളിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവ മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സിനിമ റെഗുലേറ്ററി അതോറിറ്റി / സിനിമ മേഖലയിലെ തർക്ക പരിഹാരത്തിനായി ട്രിബ്യൂണൽ രൂപീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ സംബന്ധിച്ച നിയമവശങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ